# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2256 - 05/02/2018 -ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. ആന്റണി ജോൺ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | ആയിരക്കണക്കിന് പേർക്ക് ആശ്വാസം നൽകിയിരുന്ന വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ നടത്തിപ്പിൽ ബാങ്ക് അധികൃതരുടെ ഭാഗത്തുനിന്നും നിസ്സഹകരണമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | നിലവിൽ അപേക്ഷ നൽകിയിട്ടുള്ളവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുമോ; ഈ കാര്യത്തിൽ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | പ്രസ്തുത പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരിക്കുന്നത് 31.01.2018 ആണ്. ഇതിനകം ഓൺലൈനിലൂടെ ലഭിച്ചിട്ടുള്ള അപേക്ഷകൾ ബാങ്കുകൾ പരിശോധിച്ച് യോഗ്യമായവ ധനസഹായത്തിനായി സർക്കാരിന് ലഭ്യമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. |
| സി | കോതമംഗലം മണ്ഡലത്തിലെ അപേക്ഷകളുടെ എണ്ണം, അനുവദിച്ചിട്ടുള്ള തുക സഹിതം വ്യക്തമാക്കുമോ; | ബാങ്ക് ബ്രാഞ്ചുകൾ അടിസ്ഥാനമാക്കി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യമാണ് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ പോർട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി | ഇക്കാര്യത്തിൽ ബാങ്കുകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ